(എഫ്) ഇവയെ സംബന്ധിക്കുന്ന അന്തിമ റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലാവധി നിശ്ചയിക്കുകയും അതിനുള്ളിൽ അന്തിമ റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്യുമോ?

ഉത്തരം

(എ) 1998 വർഷത്തെ സമാഹൃത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല. ലോക്കൽ ഫണ്ട് ആക്ടിലെ 23-ാം വകുപ്പ് പ്രകാരം സമർപ്പിച്ച 1998 ലെ സമാഹൃത റിപ്പോർട്ട് പൂർണ്ണമാണ്.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വിശദീകരണം: സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർത്തിയാകുമ്പോൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട കാര്യങ്ങൾ ഉണ്ടെങ്കിൽ അവ അടുത്ത സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) ഭാഗികമായി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഇ) നിയമാനുസരണം ഓരോ വർഷവും ഓരോ സമാഹൃത റിപ്പോർട്ടാണ് സർക്കാരിന് സമർപ്പിക്കേണ്ടത്.

(എഫ്) സമാഹൃത റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ റിപ്പോർട്ട് ഭാഗികമായി സമർപ്പിക്കുന്നതിനും അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാലാവധി നിശ്ചയിക്കേണ്ട ആവശ്യമില്ല.

31 (1480) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സർക്കാരിന് റിപ്പോർട്ട് ചെയ്യണമെന്നുണ്ടോ;

(ബി) സർക്കാരിന് ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ സർക്കാർ നടപടി കൈക്കൊള്ളാറുണ്ടോ;

(സി) പത്തനംതിട്ട ജില്ലയിലെ നിരണം പഞ്ചായത്തിൽ പെൻഷൻ വിതരണത്തിനായി സർക്കാർ അനുവദിച്ചു നൽകിയ തുക പഞ്ചായത്ത് സെക്രട്ടറി അപഹരണം നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപയാണ് അപഹരണം നടത്തിയതായി കണ്ടെത്തിയത്;

(ഇ) പണാപഹരണം നടത്തിയ ആളിന്റെ പേരിൽ എന്തു നടപടിയെടുത്തു;

(എഫ്) അപഹരിച്ച തുക തിരിച്ചു കിട്ടാൻ എന്തൊക്കെ നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപടികൾ കൈക്കൊള്ളാറുണ്ട്.

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) 10,560 രൂപ.

(ഇ) 30.4.1997 ലെ എൻ.എഫ് 6498/പി.റ്റി.1/97 കത്തുപ്രകാരം പണാപഹരണം, പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

32 (1481) "നൈലാസ് ബൗട്ടിക്"

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന് സമീപം പ്രവർത്തിച്ചു വരുന്ന 'നൈലാസ് ബൗട്ടിക്' എന്ന സ്ഥാപനം എന്നാണ് കെ. എഫ്.സി. ഏറ്റെടുത്തത്;

(ബി) സ്ഥാപന ഉടമയുടെ പരാതിയിന്മേൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടിലെ 5,9,11,12 ഖണ്ഡികകളിൽ ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൾ ചൂണ്ടിക്കാട്ടി അവർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നുവോ;

(സി) എങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു;

(ഡി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(ഇ) 11.7.98 ൽ സ്ഥാപനം ഏറ്റെടുത്തിട്ട് അതേ ദിവസം തന്നെ വിട്ടു കൊടുക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(എഫ്) ഇപ്പോൾ ഏറ്റെടുക്കുവാനിടയായ സാഹചര്യം ക്രമപ്രകാരം അല്ലെങ്കിൽ പ്രസ്തുത നടപടി പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) 8.8.1998-ൽ

(ബി) ശുപാർശ ചെയ്തിരുന്നു.

(സി)&(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

(ഇ) 11.7.98 ൽ സ്ഥാപനം കെ.എഫ്.സി. ഏറ്റെടുത്തില്ല.

(എഫ്) സ്ഥാപനം ഇപ്പോൾ കോർപ്പറേഷൻ ഏറ്റെടുത്തിരിക്കുന്നത് ക്രമപ്രകാരമാണ്.

33 (1482) പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ലഭിക്കുന്ന സ്പെഷ്യൽ പേ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 നവംബർ 25-ാം തീയതിയിലെ നമ്പർ 3000/98/ ഫിൻ ഉത്തരവുപ്രകാരം ശമ്പളപരിഷ്കരണത്തിന് തൊട്ടുമുമ്പ് മുഖ്യമന്ത്രിയുടേയും പ്രതിപക്ഷനേതാവ്, ചീഫ്വിപ്പ് എന്നിവരുടേയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly